ഉത്തരം

(എ) ഉണ്ട്.

(ബി) IHRD, LBS Centre, Rutronix, CDAC, C-DIT, C-APT, KELTRON, CACEE of the University of Kerala, DOEACC Centre, Calicut, Centre for continuing Education, Kerala, Electronic Corporation of India Ltd. എന്നീ സ്ഥാപനങ്ങളുടെ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ) കോഴ്സിന് അംഗീകാരം നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ / സർക്കാരിതര സ്ഥാപനങ്ങളുടെ ചില കോഴ്സുകൾ ഡി.സി.എ. യ്ക്ക് തത്തുല്യമായോ ഉയർന്നതോ ആയ യോഗ്യതയായി അംഗീകരിച്ചും സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത കോഴ്സുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## പൊതുഭരണവകുപ്പിലെ അസിസ്റ്റന്റുമാരുടെ നിയമനം

38 (7644) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുഭരണവകുപ്പിൽ 2012-13 വർഷത്തിൽ പി.എസ്.സി. വഴി എത്ര അസിസ്റ്റന്റുമാരെ നിയമിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ തസ്തികകളിൽ മുൻവർഷം (2011-12) സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയ റാങ്ക് ലിസ്റ്റുകൾക്ക് നിയമന നിരോധനം ഒഴിവാക്കാനായി ഈ സാമ്പത്തിക വർഷം അവസാനിക്കുന്ന എല്ലാ റാങ്ക് ലിസ്റ്റുകളുടെയും കാലാവധി പരമാവധി നാലര വർഷത്തേക്ക് ദീർഘിപ്പിക്കുന്നതിനുള്ള ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിന്റെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അത് പി.എസ്.സി.-യെ അറിയിച്ച് കാലാവധി ദീർഘിപ്പിക്കുവാനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പെൻഷൻ പ്രായം ഏകീകരണംമൂലം 2012 ഏപ്രിലിൽ ഉണ്ടാകുമായിരുന്ന 86 തസ്തികകളിലേക്കാണ് സൂപ്പർ ന്യൂമററി സൃഷ്ടിച്ച് നിയമനം നടത്തിയത്. എന്നാൽ പെൻഷൻ പ്രായം ഏകീകരണം നിർത്തലാക്കിയതോടെ 2012 ഏപ്രിൽ മുതൽ മാസാമാസം ഉണ്ടാകുന്ന റിട്ടയർമെന്റ് വേക്കൻസികൾ സൂപ്പർ ന്യൂമററി തസ്തികകൾ ക്രമീകരിക്കുന്നതിനു വേണ്ടി മാറ്റിവെക്കേണ്ടതുണ്ട്. 2012-13 കാലയളവിൽ എത്ര ഓപ്പൺ വേക്കൻസികൾ ഉണ്ടാകും എന്ന് ഇപ്പോൾ മുൻകൂട്ടി തിട്ടപ്പെടുത്താൻ കഴിയുകയില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) ഉണ്ട്. 30-4-2012- ൽ നിലവിലുള്ളതും 30-3-2013 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതുമായ എല്ലാ റാങ്ക് ലിസ്റ്റുകളുടെയും കാലാവധി ചില നിബന്ധനകൾക്ക് വിധേയമായി 31-3-2013- വരെ പി.എസ്.സി. ദീർഘിപ്പിച്ചിട്ടുണ്ട്.

### പി.എസ്.സി.യിൽ ഒറ്റത്തവണ ഓൺലൈൻ രജിസ്ട്രേഷൻ

39 (7645) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. വഴിയുള്ള ഉദ്യോഗങ്ങൾക്ക് ഒറ്റത്തവണ ഓൺലൈൻ രജിസ്ട്രേഷൻ എന്നുമുതലാണ് പ്രാബല്യത്തിൽ വന്നത് ;

(ബി) ഒറ്റത്തവണ രജിസ്ട്രേഷൻ നടപ്പാക്കുമ്പോൾ പട്ടികജാതി/പട്ടിക വർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് അവസരം നഷ്ടപ്പെടാതിരിക്കാൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ എന്തെല്ലാം നടപടികളാണ് ഏർപ്പെടുത്തിയിരിക്കുന്നത് ; വ്യക്തമാക്കുമോ ;

(സി) പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് അവസരം നഷ്ടപ്പെടാതിരിക്കാൻ തുടർന്നും നേരിട്ട് അപേക്ഷ നൽകാൻ അവസരം നൽകുമോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) 2012 ജനുവരി ഒന്നു മുതൽ.

(ബി) പി.എസ്.സി.-യിൽ ഒറ്റത്തവണ രജിസ്ട്രേഷൻ നടപ്പാക്കിയതുമായി ബന്ധപ്പെട്ട് അഭ്യസ്തവിദ്യരായ ആദിവാസി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് കേരള യൂത്ത് വെൽഫയർ ബോർഡും ഗ്രാമ പഞ്ചായത്തുകൾ എന്നിവയുമായി സഹകരിച്ച് ഓൺലൈൻ രജിസ്ട്രേഷൻ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരികയാണ്. മാത്രമല്ല വെബ്സൈറ്റ്, പത്രമാധ്യമങ്ങൾ, പി.എസ്.സി. ബുള്ളറ്റിൻ, ഗവൺമെന്റ് ഗസറ്റ് എന്നിവയിലൂടെ ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. ജില്ലാ താലൂക്ക് തലങ്ങളിൽ പി.എസ്.സി.- യുടെ ഹെൽപ്പ് ഡെസ്ക് തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ട്.

(സി) നിലവിലുള്ള നടപടിക്രമമനുസരിച്ച് ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയതിനുശേഷം ഓൺലൈൻ വഴിയാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കുവേണ്ടി അപേക്ഷകൾ നേരിട്ട് സ്വീകരിക്കുന്ന സമ്പ്രദായം ഇപ്പോൾ പരിഗണനയിലില്ല.

### വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിൽ ലാബ് അസിസ്റ്റന്റ് നിയമനം

40 (7648) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly